# മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

13.07.2017-നു ഉച്ചയ്ക്ക് 12.00 മണിക്ക് ബഹു: വൈസ് ചാൻസലറുടെ ചേംബറിൽ വച്ച് കൂടിയ റൂസ അവലോകന സമിതി യോഗത്തിന്റ മിനിറ്റ്സ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആസൂത്രണവും വികസനവും III – സെക്ഷൻ

നം. 4524/പി & ഡി-3/2/2017/ ഭരണവിഭാഗം തീയതി. പി.ഡി.ഹിൽസ് – 24.07.2017

പരാമർശം:- 13.07.2017-നു ഉച്ചയ്ക്ക് 12.00 മണിക്ക് ബഹു: വൈസ് ചാൻസലറുടെ ചേംബറിൽ വച്ച് കൂടിയ റൂസ അവലോകന സമിതി യോഗത്തിന്റെ അംഗീകരിച്ച മിനിറ്റ്സ്.

## ഉത്തരവ്

പരാമർശം പ്രകാരം റൂസ പദ്ധതി അവലോകന സമിതിയുടെ യോഗം 13.07.2017-നു ഉച്ചയ്ക്ക് 12.00 മണിയ്ക്ക് ബഹു: വൈസ് ചാൻസലറുടെ ചേംബറിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇ-ഗവേണൻസ് പ്രോഗ്രാമിനും സി-ടെക്സിനുമായി കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് തയ്യാറാക്കി സമർപ്പിച്ച ടെൻഡർ ഡോക്യുമെന്റ് പരിശോധിച്ചു. ടെൻഡർ ഡോക്യുമെന്റിലെ പേജ് 4 III (17) vendor മാരെ empanel ചെയ്യുന്ന വ്യവസ്ഥ സംബന്ധിച്ച് ജോയിന്റ് രജിസ്ട്രാർ-1 ഭരണവിഭാഗവുമായി ചർച്ച നടത്തിയ ശേഷം തീരമാനം കൈകൊള്ളുന്നതാണെന്ന് തീരുമാനിച്ചു.
2. ക്യാമ്പസ് വൈഫൈ അനുബന്ധ പദ്ധതി നടപ്പാക്കുന്നതിനായി M/s കെൽട്രോൺ സമർപ്പിച്ച ഫിനാൻഷ്യൽ ബിഡുകളുടെ സൂക്ഷ്മ പരിശോധനയ്ക്കായുള്ള ഫിനാൻസ് കമ്മിറ്റി ആവശ്യപ്പെട്ട പ്രകാരം സിവിൽ, ഇലക്ട്രിക്കൽ പ്രവ്യർത്തികളുടെ നിലവിലുള്ള നിരക്കുകൾ സംബന്ധിച്ച റിപ്പോർട്ട് 14.07.2017, 3.00 പി.എം-നുള്ളിൽ നൽകേണ്ടതാണെന്നും അതിന്റെ അടിസ്ഥാനത്തിൽ ഫിനാൻസ് കമ്മിറ്റി അടിയന്തിരമായി യോഗം കൂടി M/s കെൽട്രോണുമായി 'Rate Negotiation' നടത്തേണ്ടതാണെന്നും യോഗം തീരുമാനിച്ചു.
3. ക്യാമ്പസ് സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി പ്രൊഫസേഴ്സ് ക്വാർട്ടേഴ്സിലെക്കും സെനറ്റ് ഹാളിലേക്കുമുള്ള പുതിയ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശത്ത് ബി.എസ്.എൻ.എൽ വകയായ കൺസ്ട്രക്ഷൻ ഉപകരണങ്ങൾ നീക്കം ചെയ്യുന്നതിനായി ബി.എസ്.എൻ.എൽ-ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുമെന്നും സർവകലാശാല എഞ്ചിനീയർ (ചുമതല വഹിക്കുന്ന) റിപ്പോർട്ട് ചെയ്തത് യോഗം അംഗീകരിച്ചു.
4. ക്യാമ്പസ് സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി ഗാന്ധി ഭവൻ മുതൽ സൈരന്ധ്രി ഹോസ്റ്റൽ വരെയുള്ള ഇന്റർലോക്ക് കട്ടകൾ പാകുന്ന സ്ഥലത്ത് നിന്നുള്ള വൃക്ഷങ്ങൾ മുറിച്ച് മാറ്റാതെ പദ്ധതി പൂർത്തിയാക്കാൻ സർവകലാശാല എഞ്ചിനീയർക്ക് (ചുമതല വഹിക്കുന്ന) നിർദ്ദേശം നൽകി.

(മറുപുറം...)

5. ലൈബ്രറി അനക്സ് കെട്ടിട നിർമ്മാണം, ഹോസ്റ്റലുകളിലെ പാചകപുര നവീകരണം എന്നീ പ്രവൃത്തികൾ പുരോഗമിക്കുന്നു എന്ന് സർവകലാശാല എഞ്ചിനീയർ (ചുമതല വഹിക്കുന്ന) റിപ്പോർട്ട് ചെയ്തത് യോഗം അംഗീകരിച്ചു.
6. സർവകലാശാല ക്യാമ്പസ് സൗരോർജ്ജ വൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിനായി ടെൻഡർ നടപടികൾ ഏഴ് ദിവസത്തിനുള്ളിൽ പൂർത്തിയാക്കാൻ സർവകലാശാല എഞ്ചിനീയർക്ക് നിർദ്ദേശം നൽകുവാൻ യോഗം തീരുമാനിച്ചു.
7. സ്റ്റുഡന്റ് അമിനിറ്റി & ഇൻക്യുബേഷൻ സെന്റർ കെട്ടിട നിർമ്മാണത്തിനായി പദ്ധതി പ്രദേശത്തുള്ള വൃക്ഷങ്ങൾ മുറിച്ച് നീക്കാത്തതു കൊണ്ടാണ് കരാറുകാരന് പദ്ധതി പ്രദേശം കൈമാറാതിരിക്കുന്നതെന്ന് സർവകലാശാല എഞ്ചിനീയർ (ചുമതല വഹിക്കുന്ന) റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ അഞ്ച് ദിവസത്തിനുള്ളിൽ തുടർ നടപടികൾ കൈകൊള്ളുന്നതിന് എസ്റ്റേറ്റ് ഓഫീസറെ ചുമതലപ്പെടുത്തി.
8. റൂസ ഫണ്ടുപയോഗിച്ച് സർവകലാശാലയിൽ നടന്നു വരുന്ന വിവിധ കെട്ടിടങ്ങളുടെ പെയിന്റിംഗ്, നവീകരണം, അറ്റകുറ്റ പണികൾ തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന്, 27.06.2017-ന് കൂടിയ റൂസ അവലോകന സമിതി യോഗ തീരുമാന പ്രകാരം, നീട്ടി നൽകിയ സമയമായ 31.08.2017-നുള്ളിൽ പഴയ കാന്റീൻ കെട്ടിടത്തന്റെ നവീകരണ പ്രവൃർത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് സർവകലാശാല എഞ്ചിനീയർ (ചുമതല വഹിക്കുന്ന) റിപ്പോർട്ട് ചെയ്തത് യോഗം അംഗീകരിച്ചു.
9. സ്കൂൾ ഓഫ് ബയോസയൻസസ് രണ്ട് ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനായി ഇ-ടെൻഡർ പ്രകാരം ലഭിച്ച ടെൻഡറുകളിൽ സാധുതയുള്ളവ ഓരോന്ന് വീതമേയുണ്ടായിരുന്നുള്ളതിനാൽ പ്രസ്തുത ടെൻഡറുകളുടെ അടിസ്ഥാനത്തിൽ പർച്ചേസ് അനുമതി നൽകണമെന്ന ബയോസയൻസസ് വകുപ്പ് മേധാവിയുടെ അപേക്ഷ കമ്മിറ്റി പരിഗണിച്ചു.ആവശ്യമായ പത്രപരസ്യത്തോടു കൂടി ഇ-ടെൻഡർ നടപടികൾ പൂർത്തിയാക്കിയതായി സമിതി വിലയിരുത്തി. മാത്രമല്ല റീ-ടെൻഡർ നടപടികളിലേക്ക് കടക്കുന്നത് മൂലം റൂസ നിഷ്കർഷിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ പർച്ചേസ് നടപടികൾ പൂർത്തിയാക്കാൻ കഴിയാതെ വരുന്നതാണെന്നതും പരിഗണിച്ച് "Kerala Store Purchase Manual 2013 Rule 9.49 പ്രകാരം, സാധുതയുള്ളതായി കണ്ടെത്തിയിട്ടുള്ള ടെൻഡറിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ വിലപേശലിനു ശേഷം ടെൻഡർ ഉറപ്പിക്കുന്നതിന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
പ്രഭാകരൻ പിള്ള .കെ
ഡെപ്യൂട്ടിരജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. വി.സി/പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സനൽ അസിസ്റ്റന്റുമാർ
3. സർവകലാശാല എഞ്ചിനീയർ
4. ജോയിന്റ് രജിസ്ട്രാർ 1 (ഭരണവിഭാഗം)
5. എസ്റ്റേറ്റ് ഓഫീസർ
6. വകുപ്പ് മേധാവി, സ്കൂൾ ഓഫ് ബയോസയൻസസ്
7. ശ്രീ. ഹരികൃഷ്ണൻ എം.വി, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ
8. ഫിനാൻസ് IV/ഓഡിറ്റ് I
9. എ.സി.സി സെക്ഷൻ/എ.ഡി.ഡി സെക്ഷൻ
10. ജോയിന്റ് ഡയറക്ടർ, എൽ.എഫ്.എ/അക്കൗണ്ട്സ് V
11. റെക്കോർഡ്സ് സെക്ഷൻ/ജനറൽ കാഷ്
12. സി.എം.സ്
13. എസ്.എഫ്/എഫ്.സി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

**ഫയൽ നം: പി & ഡി- 3/2/702/281/2016/ഭരണവിഭാഗം (സബ് ഫയൽ)**